# THE CHURCH WEEKLY

ചർച്ചുവീക്കിലി ഒററപ്രതി 13 നഃ പൈസ

വാല്യം XI | 1957 ജൂൺ 9 | ലക്കം 21


## മദ്യവർജ്ജനപ്രസ്ഥാനത്തിൻെറ വികസനം

1958 ഏപ്രിൽ മാസത്തോടുകൂടി ഇൻഡ്യയൊട്ടാകെ മദ്യനിരോധനം പ്രാബല്യത്തിൽ വരണമെന്നാണു് ഇൻഡ്യാഗവമ്മെൻറിൽനിന്നും മി. ശ്രീമാൻ നാരായൺ ചെയർമാനായി നിയമിച്ച പ്രോഹിബിഷൻ എൻകയറിക്കമ്മിററിയുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നതു്. ഈ റിപ്പോർട്ടും സംസ്ഥാനങ്ങളുടെ വിമർശനത്തിനു വിധേയമായിട്ടുണ്ടു്. ആർഷഭാരതത്തിൻെറ ധാമ്മികശക്തി വീണ്ടെടുക്കുന്നതിനുള്ള ഒരു ചുവടുവയ്പായി ചിലർ ഈ റിപ്പോർട്ടിനെ പരിഗണിക്കുമ്പോൾ മററു ചിലർ ഇതിനെ സംസ്ഥാനങ്ങളുടെ ആദായമാർഗ്ഗതടസ്സമായി കണക്കാക്കുന്നു.

കേരളത്തിൽ കമ്യൂണിസ്റ്റ്ഗവമ്മെൻറു് അധികാരത്തിൽ വന്നതിനെത്തുടർന്നു മദ്യനിരോധനനയത്തിലും ചില പുരോഗതികൾ വരുത്താനുദ്ദേശിച്ചിരിക്കുകയാണു്. നിരോധനമേഖലകളിലെ ചില അനാശാസ്യപ്രവത്തനങ്ങളുടെ വെളിച്ചത്തിൽ മദ്യനിരോധനം ഒരു പരാജയമാണെന്നുള്ള ശീഘ്റനിഗമനത്തിൽ എത്തിച്ചേരുന്നതിനുള്ള ഒരു പ്രവണതയാണു് ഉത്തരവാദിത്വമുള്ള കേന്ദ്രങ്ങളിൽ ദർശിക്കപ്പെടുന്നതു്. ഈ നിഗമനത്തിൻെറ പിൻപിലുള്ള തത്വം ഇതരമണ്ഡലങ്ങളിൽ കൂടി നടപ്പിലാക്കുകയാണെങ്കിൽ സാമൂഹ്യനീതിക്കു വിരുദ്ധമെന്നു ഇന്നു കരുതപ്പെടുന്ന പലതും 'ജനകീയസൽപ്രവത്തന'ങ്ങളായി മാറുന്നതായിരിക്കും.

ഇൻഡ്യയിലെ ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും കേരളത്തിലാണു് നിവസിക്കുന്നതു്. തന്മൂലം കേരളത്തിലെ മദ്യനിരോധനപ്രവത്തനങ്ങളിലും മദ്യവജ്ജനപ്രസ്ഥാനത്തിലും സജീവമായി പങ്കെടുക്കേണ്ട ചുമതല എന്തുകൊണ്ടും ക്രിസ്ത്യാനികൾക്കു വളരെയുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. മദ്യപാനത്തിൻെറ അനന്തരഫലമായി അനേകം ക്രൈസ്തവകുടുംബങ്ങൾ ധാമ്മികമായും സാമ്പത്തികമായും അധഃപതിച്ചിട്ടുണ്ടു്; നശിച്ചുകൊണ്ടിരിക്കുകയുമാണു്. കാരണം കുടുംബങ്ങളുടെ ശിഥിലീകരണവും, ജനങ്ങളുടെ ധാർമ്മികഭ്രംശവും, ധനനാശവും ആരോഗ്യഹാനിയും മദ്യപാനത്തിൻെറ സഹയാത്രക്കാരാണു്.

കേരളത്തിലെ ക്രൈസ്തവർ സംഘടിതമായി നിന്നുകൊണ്ടു ബോധപൂവ്വം പ്രവത്തിക്കേണ്ട ഒരു മണ്ഡലമാണു് മദ്യവജ്ജനപ്രസ്ഥാനം. നിയമസഹായം കൂടാതെതന്നെ മനുഷ്യൻെറ ചിന്തയുടെയും പഠനത്തിൻെറയും ഫലമായി മദ്യപാനത്തിനെതിരായുള്ള ഒരു മനഃപരിവത്തനം വരുത്തി മദ്യനിരോധനത്തിനനുകൂലമായ അന്തരീക്ഷം സംജാതമാക്കുന്ന കാര്യത്തിൽ ക്രൈസ്തവർ കാണിക്കുന്ന വ്യഗ്രതയെ അടിസ്ഥാനപ്പെടുത്തിയായിരിക്കും കേരളത്തിലെ മദ്യനിരോധനപ്രവത്തനങ്ങളുടെ വിജയം വളരെയധികം സ്ഥിതി ചെയ്യുന്നതെന്നു ഞങ്ങൾ കരുതുന്നു.

മദ്യപാനമത്സരപന്തയോട്ടത്തിൽ ക്രിസ്ത്യാനികൾ ഇതരസമുദായത്തിൽപെട്ടവരെ പിൻതള്ളിയിട്ടുണ്ടെന്നുള്ള നഗ്നയാഥാത്ഥ്യം ഞങ്ങൾ വിസ്മരിക്കുന്നില്ല. 'വലിയ വീട്ട'കളിലെ കല്യാണാഘോഷങ്ങൾക്കും സൽക്കാരങ്ങൾക്കും ചൈതന്യം നൽകുന്നതിനു മദ്യം കൂട്ടു നിൽക്കുന്ന പരിതസ്ഥിതിയാണിന്നുണ്ടായിരിക്കുന്നതു്! ചില മാന്യന്മാർക്കു ഭാവനചെയ്യാൻ കഴിയുന്നതിലേക്കും വലിയ സൽക്കാരം മദ്യത്തിലെത്തിയിരിക്കുന്നു! ഉയന്ന പരീക്ഷയിൽ ജയിക്കുന്നതിൻെറയും ഉദ്യോഗത്തിനു തെരഞ്ഞെടുക്കപ്പെടുന്നതിൻെറയും സന്തോഷം മദ്യംകൊണ്ടാഘോഷിക്കുന്നതിൽ ക്രിസ്തീയയുവജനങ്ങളിൽ ചിലർ വിമുഖത പ്രദർശിപ്പിക്കുന്നില്ലെന്നു പറയേണ്ടതുണ്ടു്. പ്രാത്ഥനയുടെയും കൃതജ്ഞതയുടെയും സ്ഥാനവും സമയവും മദ്യപാനം കൈയേറിയിരിക്കുന്നു.

വ്യാപകമായ പ്രചരണ പ്രസിദ്ധീകരണങ്ങൾ മൂലവും പൊതുയോഗങ്ങൾ മൂലവും മദ്യത്തിൻെറ ദൂഷ്യഫലങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ചു ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കണം. കേരളത്തിലെ ക്രൈസ്തവസഭ പൊതുവായും ക്രിസ്ത്യാനികൾ വ്യക്തിപരമായും മദ്യവജ്ജനപ്രസ്ഥാനത്തിനു പ്രോത്സാഹനവും പിൻതുണയും കൂടുതലായി നൽകേണ്ട ഒരു കാലഘട്ടമാണിതെന്നു ഞങ്ങൾ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

—o—

## ശ്രീ. എൻ. എം. ഏബ്രഹാം

ന്യൂയോക്കിലെ യൂണിയൻ തിയോളജിക്കൽ സിമ്മനാരിയിൽ ഒരു വർഷത്തെ വേദശാസ്ത്രപഠനം പൂർത്തിയാക്കിയശേഷം ചർച്ചുവീക്കിലി ചീഫ് എഡിററർ ശ്രീ. എൻ. എം. ഏബ്രഹാം മെയ് 31-ാംനു ന്യൂയോക്കിൽ നിന്നും വിമാനമാർഗ്ഗം തിരിച്ചു ജൂൺ 1-ാംനു ലണ്ടനിൽ എത്തിച്ചേന്നിരിക്കുന്നു. അദ്ദേഹം രണ്ടാഴ്ചയോളം ഇംഗ്ലണ്ടിൽ താമ

M. RegNo. 5268. Licence No. 498:



cant fact than the atomic bomb or communism? Is not the church in these lands still a small and powerless institution? Even in a continent like Europe where Christianity has always been the religion of the masses, it is far from the most powerful institution. Whence then the significance of a poor, struggling, small Christian Church in China or India or Africa?

The best answer to the question would be to cite an instance from the Missionary History of Africa. It was late in the twenties of our century that Dr. Tom Lambie, a friend of mine, now working in the refugee hospital in Palestine, went as a Missionary to Ethiopia. Soon nine missionaries of the Sudan Interior Mission joined him in the pioneer mission work among the southern tribes by 1936 there were eighty missionaries, though the Ethiopian membership of the church was much less than that number. Mussolini's forces attacked Ethiopia in 1936, and soon the Missionaries were forced to leave the country. When they were leaving they took stock of their labors to see if at least afew of the local believers be able to survive the persecution that was sure to follow in the wake of the Fascist occupation. They concluded that if at any time in the future God enabled them to come back, they would expect to find a hand ful, perhaps half a dozen of them remaining faithful to the Lord Jesus Christ.

In 1942 the British forces drove out Mussolinis hordes. Soon the missionaries returned to the southern tribes, hoping to recommence their work from the small nucleus that they had expected to survive. Friends, what they saw when they returned was hard for them to believe. Where they had expected half a dozen to remain faithful, they found over 50 congregations of believing and worshiping Christians, totalling about 3000! During the last ten years, thechurch has grown by leaps and bounds. When I was in Ethiopia, there were months when 2000 people came into the church during one month-all as a result of work done by Ethiopian believers without aid from the foreign missionaries. Whole communities have been completely transformed. They have abandoned their debased orgies, their drunkenness and debauchery, and have become shining examples of the transforming power of the Gospel of Jesus Christ. I have had some of their young peoples in my classes and they were among the best behaved and most clean in my classes, and they were among the best behaved and most clean in habits and character. And today in this southern part of Ethiopia alone, there are over 30,000 Christians.

This is the power of the Gospel. This is what God can do through a handful of consecrated Christians, ignorant and unlearned as they may be. This is a power that is more explosive than the atomic and hydrogen bombs. This is the power of God in which there is more creative potential than in anything we have invented. Such instances are not limited to Ethiopia. It has happened in the Camerouns, in Kenya, in Korea, and in India. It can happen in the United States of America. It can happen in every single country of the world where there is today a living church, small struggling and struggling and strengthless as it may be. It can happen in China. It can happen in Russsia.

We are living in tremendous times. Man's mind seems bent on the destruction of man. God's hand is seen pointing to the redemption of men. In both cases the agents through whom the action is to take place are humans, you and I. We have in our hands the dynamic weapons of destruction. But into our hands is also commited the most powerful weapon, the dynamic of God's Gospel. The setting for the use of this weapen is here new in God's providence. That is why the emergence of the world church is of tremendous significance. It is up to you and to me and to the Christians in these lands to choose between the weapons of destruction, the indifference of inaction, and the commitment to the Gospel.

-o-

**ട്രാവൻകൂർ ഫോർവേഡ് ബാങ്ക് (ക്ലിപ്തം)**

**ഹെഡ് ആഫീസ്: കോട്ടയം**

| | | |
|---|---|---|
| അധികൃതമൂലധനം | രൂ | 50,00,000 |
| വാഗ്ദത്തമൂലധനം | രൂ | 25,00 000 |
| നിക്ഷിപ്തമൂലധനം | രൂ | 15,00,000 |
| കരുതൽധനം | രൂ | 7,88,000 |
| പ്രവർത്തനമൂലധനം | രൂ | 4,91,12,000 |

[31-12-56]

ശരിയായ ഈടിന്മേൽ കുറഞ്ഞ കാലത്തേക്കു വായ്പ ആവശ്യമുള്ളവർ
ഞങ്ങളുടെ 47 ശാഖകളിൽ ഏതിനെയെങ്കിലും സമീപിക്കുക.
ബാങ്കിംഗ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്നു

Look forward and bank
With Forward Bank.

സി. എം. ചെറിയാൻ
സെക്രട്ടറി

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam.